നാം ഏക ശരീരം

ഫാ. ഡോ. കെ. എം. ജോർജ്

കുറെ നാളായി, ചുറ്റും പടരുന്ന ഇരുട്ട് കണ്ട് ഭയപ്പെട്ടും വിഷാദിച്ചുമിരുന്ന എനിക്ക്, ഇന്നു രാവിലെ നോബിൻ അച്ചന്റെ മൃദുവായ വിദൂരശബ്ദം ഫോണിലൂടെ വന്നപ്പോൾ സൂര്യൻ വീണ്ടും ഉദിച്ചതുപോലായി. ആ സൗമ്യമായ പ്രകാശം പുതിയ പ്രത്യാശയും സാന്ത്വനവും എനിക്കു നൽകി. 'ഭയപ്പെടരുത്' എന്ന് യേശു തന്നെ അഭയമുദ്ര കാട്ടി പറയുമ്പോലെ.

30 വയസ്സുകാരനായ ഒരു യുവ വൈദികൻ, വൃക്കകൾ രണ്ടും പ്രവർത്തനരഹിതമായ, തനിക്ക് ഒരു ബന്ധവുമില്ലാത്ത ഒരു വീട്ടമ്മയ്ക്ക് തന്റെ വൃക്കകളിലൊന്ന് പങ്കിട്ടു കൊടുത്തു. അച്ചൻ രാവിലെ ഫോണിലൂടെ പറഞ്ഞു, "വിശുദ്ധ കുർബാനയിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷയ്ക്ക് ഇടയിലാണ് ഇങ്ങനെയൊരു ചിന്തയും തീരുമാനവും ദൈവം എനിക്കു നൽകിയത്." ആരാധനയും ആത്മീയതയും ഇവിടെ അർത്ഥപൂർണ്ണമായിത്തീരുന്നു എന്നു നമുക്ക് സന്തോഷത്തോടെ പറയാം. മനുഷ്യവർഗ്ഗം മുഴുവനും ഒരു ശരീരമാണ് എന്ന സത്യം ഒരിക്കൽ കൂടി ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നു. പലരായ നമ്മെ ഒരു ശരീരമാക്കിത്തീർക്കാൻ സ്വശരീരം ഖണ്ഡിച്ചു നൽകിയ കുരിശിലെ യാഗത്തിലുള്ള മനുഷ്യന്റെ പങ്കാളിത്തം.

ഒന്നോർത്തുനോക്കിയാൽ എന്താണ് ഇതിന്റെയൊക്കെ അർത്ഥം? അവയവദാനത്തെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ എത്രയോ നാളായി രൂക്ഷമായി തുടരുന്നു. പെട്ടെന്ന് ഒരു നിമിഷം അതെല്ലാം അർത്ഥരഹിതമായിത്തീരുന്നു. ഒരാൾ മറ്റൊരാളെ സ്വന്തശരീരമായി കാണുന്ന ആ അനർഘ നിമിഷം. കൊടുക്കുന്ന ആളിനും സ്വീകരിക്കുന്ന ആളിനും അടുത്ത സാക്ഷികൾക്കും ഇത് ഏകശരീരത്തിന്റെ സാക്ഷാത്ക്കാരം. എങ്കിലും വേദപണ്ഡിതന്മാരും മതമേലദ്ധ്യക്ഷന്മാരും തർക്കം തുടർന്നുകൊണ്ടേയിരിക്കും.

മൃതശരീരം ദഹിപ്പിക്കാമോ എന്ന തർക്കം നാളേറെയായി ക്രിസ്തീയ മതാധികാരികളെ അലട്ടുന്നുണ്ട്. അതിന്റെ പേരിൽ ചിലർ മനുഷ്യരെ വിരുദ്ധ ചേരികളിലാക്കുന്നു. പെട്ടെന്നൊരു നിമിഷം, നിനച്ചിരിയാതെ ഒരു വൈറസ് വന്നു. കാനോനാകളിലും വിശ്വാസപ്രമാണങ്ങളിലും തീർത്തും അജ്ഞനായ കൊറോണ. എല്ലാ തർക്കങ്ങളും പൊടുന്നനെ നിലച്ചു. കോവിഡ് പിടിച്ചു മരിച്ചാൽ ഏതു സ്ഥാനികളെയും സാധാരണക്കാരെയും ആരോരുമില്ലാതെ ദഹിപ്പിക്കും. എന്നാലും നാം തർക്കം തുടർന്നുകൊണ്ടേയിരിക്കും.

ഇതുപോലെ, അനുപേക്ഷണീയമെന്ന് നാം കരുതുന്ന പലതും താമസിയാതെ കടപുഴകിപ്പോകും. ഒന്നായിരിക്കുന്ന മനുഷ്യശരീരത്തെ, പലതിന്റെയും പേരിൽ നാം ഭിന്നിപ്പിക്കയും, അവയവങ്ങളെ വിരുദ്ധ ചേരികളിലാക്കി പോർവിളികൾ നടത്തുകയും പരസ്പരം വാളെടുപ്പിക്കയും ചെയ്യുന്നു. നിനച്ചിരിയാത്ത ഒരു നിമിഷം ചരിത്രത്തിന്റെ ഒരു ഉരുൾപൊട്ടൽ നമ്മെയെല്ലാം കടപുഴക്കിയെറിയും. എല്ലാ അർത്ഥവും നമുക്കു നഷ്ടപ്പെടും. ജനങ്ങളും നേതാക്കളും ഒരുപോലെ അനാഥരായി അഭയമില്ലാതെ അലയും.

എന്നാൽ ശുദ്ധമായ മനുഷ്യസ്നേഹവും കാരുണ്യത്തിന്റെ പ്രവർത്തികളും, വേലിക്കെട്ടുകൾക്കപ്പുറത്തേക്ക് പോകുന്ന ഏകശരീരബോധവും എന്നും നിലനിൽക്കും. ജീവിതത്തിൽ അർത്ഥം തേടുന്നവർക്കെല്ലാം അവയെന്നും തീർത്ഥമായിരിക്കും. അവിടെ ആയിരം സൂര്യന്മാർ ഉദിക്കും.

വൃക്ക സ്വീകരിച്ച പ്രിയ സഹോദരിക്ക് ദൈവം പൂർണ്ണമായ ആരോഗ്യവും ബലവും നൽകാൻ നമുക്ക് പ്രാർത്ഥിക്കാം. വൃക്ക നൽകി, പ്രകാശം പരത്തിയ നോബിൻ അച്ചനെ ദൈവം തന്റെ അദ്ഭുതകരമായ വഴികളിൽ തുടർന്നും നയിക്കുവാൻ നമുക്ക് അപേക്ഷിക്കാം.

ദേവലോകം, സെപ്റ്റംബർ 28, 2020